# മുഴുവൻ വർഷവും സന്തുഷ്ടമണിയായി സദാ സന്തുഷ്ടമായിരിക്കൂ സർവ്വരെയും സന്തുഷ്ടമാക്കൂ

ഇന്ന് ഹൃദയേശ്വരനായ ബാപ്ദാദ തന്റെ നാനാഭാഗത്തെയും മുന്നിലുള്ളവരെയും ദൂരെയിരുന്നും സമീപ സ്ഥിതി അനുഭവം ചെയ്യുന്നവർക്കും അങ്ങനെയുള്ള ഓരോരോ വാത്സല്യ നിധികളായ രാജാ കുട്ടികളെക്കണ്ട്, അതിപ്രിയരായ കുട്ടികളെ കണ്ട് ഹർഷിതമാകുകയാണ്. ഓരോ കുട്ടിയും രാജാവാണ് അതിനാൽ രാജകീയ ഓമനകളാണ്. ഈ പരമാത്മസ്നേഹം, വാത്സല്യം വിശ്വത്തിൽ വളരെ കുറച്ച് ആത്മാക്കൾക്കേ പ്രാപ്തമാകുന്നുള്ളൂ. എന്നാൽ താങ്കളെല്ലാം പരമാത്മസ്നേഹംത്തിന്, പരമാത്മ ലാളനയ്ക്ക് അധികാരിയാണ്. ലോകത്തെ ആത്മാക്കൾ വിളിച്ചു കൊണ്ടിരിക്കുന്നു വരൂ, വരൂ എന്നാൽ താങ്കളെല്ലാം പരമാത്മസ്നേഹം അനുഭവം ചെയ്തു കൊണ്ടിരിക്കുന്നു. പരമാത്മാ പാലനയിൽ പാലിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇങ്ങനെ തന്റെ ഭാഗ്യം അനുഭവം ചെയ്യുന്നുവോ? ബാപ്ദാദ എല്ലാ കുട്ടികളെയും ഡബിൾ രാജ്യ അധികാരിയായി കാണുകയാണ്. ഇപ്പോഴത്തെയും സ്വരാജ്യ അധികാരി രാജാക്കന്മാരാണ്. ഭാവിയിലെയും രാജ്യം താങ്കളുടെ ജന്മസിദ്ധ അധികാരമാണ്. അപ്പോൾ ഡബിൾ രാജാക്കന്മാരാണ്. എല്ലാവരും രാജാക്കന്മാരല്ലേ, പ്രജകളല്ലല്ലോ! രാജയോഗിയാണോ ചില ചിലർ പ്രജായോഗിയാണോ? ആരെങ്കിലും പ്രജായോഗിയുണ്ടോ പിന്നിലുള്ളവർ രാജയോഗിയാണോ? പ്രജായോഗി ആരുമല്ലല്ലോ? പക്കാ? ആലോചിച്ചിട്ട് പറയണം അതെ എന്ന്! രാജ അധികാരി അർത്ഥം സർവ സൂക്ഷ്മവും സ്ഥൂലവുമായ കർമേന്ദ്രിയങ്ങളുടെ അധികാരി എന്തെന്നാൽ സ്വരാജ്യമല്ലേ? അപ്പോൾ ഇടയ്ക്കിടെയുള്ള രാജാക്കന്മാരാകുന്നുവോ അതോ സദാ രാജാക്കന്മാരാകുന്നുവോ? അടിസ്ഥാനമാണ് തന്റെ മനസ്, ബുദ്ധി, സംസ്കാരത്തിന്റെയും അധികാരിയാണോ? സദാ അധികാരിയാണോ അതോ ഇടയ്ക്കിടെയോ? സ്വരാജ്യമാണെങ്കിൽ സദാ സ്വരാജ്യമാകണം. ഒരു ദിവസം ആകുന്നു, അടുത്ത ദിവസം ആകുന്നില്ല. രാജ്യം സദാ കാലത്തേക്കല്ലേ? അപ്പോൾ സദാ സ്വരാജ്യ അധികാരി അർഥം സദാ മനസ്, ബുദ്ധി, സംസ്കാരത്തിനു മേൽ അധികാരം. സദാ ഉണ്ടോ? സദാ ഞാൻ അതെ എന്ന് പറയുന്നില്ലേ? ഇടയ്ക്ക് മനസ് താങ്കളെ നടത്തുന്നുവോ അതോ താങ്കൾ മനസിനെ നടത്തുന്നുവോ? ഇടയ്ക്ക് മനസ് അധികാരിയാകുന്നുവോ? ആകുന്നില്ലേ! അപ്പോൾ സദാ സ്വരാജ്യ അധികാരിയിൽ നിന്ന് വിശ്വരാജ്യ അധികാരി.

സദാ പരിശോധിക്കൂ എത്ര സമയം, എത്ര ശക്തിയിലൂടെ തന്റെ കർമേന്ദ്രിയങ്ങൾ, മനസ് ബുദ്ധി സംസ്കാരത്തിനു മേൽ ഇപ്പോൾ അധികാരിയാകുന്നു, അത്രയും തന്നെ ഭാവിയിൽ രാജ്യാധികാരം ലഭിക്കുന്നു. അഥവാ ഇപ്പോൾ പരമാത്മപാലന, പരമാത്മാ പഠിപ്പ്, പരമാത്മാ ശ്രീമതത്തിന്റെ ആധാരത്തിൽ ഈ ഒരു സംഗമയുഗത്തിന്റെ ജന്മം സദാ അധികാരിയല്ലെങ്കിൽ 21 ജന്മം എങ്ങനെ രാജ്യാധികാരിയാകും? കണക്കില്ലേ! ഈ സമയം സ്വരാജ്യം, സ്വയം തന്റെ രാജാവാകുന്നതിലുടെ തന്നെയാണ് 21 ജന്മത്തെക്ക് ഗ്യാരന്റിയുള്ളത്. ഞാൻ ആരാണ് എന്താകും തന്റെ ഭാവി, വർത്തമാന സമയത്തിന്റെ അധികാരത്തിലൂടെ സ്വയം തന്നെ അറിയാൻ കഴിയും. ചിന്തിക്കൂ, താങ്കൾ വിശേഷ ആത്മാക്കളുടെ അനാദി ആദി വ്യക്തിത്വവും രാജകീയതയും എത്ര ഉയർന്നതാണ്! അനാദി രൂപത്തിലും നോക്കൂ എപ്പോഴാണോ താങ്കൾ ആത്മാക്കൾ പരംധാമത്തിൽ കഴിയുന്നത് എത്ര തിളങ്ങുന്ന ആത്മാക്കളായി കാണപ്പെടുന്നു. ആ തിളക്കത്തിന്റെ രാജകീയത എത്ര ഉയർന്നതാണ്. മുഴുവൻ കൽപത്തിൽ ചുറ്റിക്കറങ്ങൂ, ധർമാത്മാക്കൾ, മഹാത്മാക്കൾ, ധർമപിതാക്കന്മാർ, നേതാക്കന്മാർ, അഭിനേതാക്കൾ, ഇങ്ങനെയുള്ള ആർക്കെങ്കിലും താങ്കൾ സത്യയുഗീ ദേവാത്മാക്കൾക്കുള്ള വ്യക്തിത്വമുണ്ടോ? തന്റെ ദേവസ്വരൂപം മുന്നിൽ വരുന്നില്ലേ? വരുന്നുണ്ടോ അതോ ഞാൻ ആകുമോ ഇല്ലയോ എന്നറിയില്ല എന്നാണോ ചിന്തിക്കുന്നത്? പക്കയല്ലേ! തന്റെ ദേവരൂപം മുന്നിൽ കൊണ്ട് വന്ന് നോക്കൂ, ആ വ്യക്തിത്വം മുന്നിൽ വന്നുവോ? എത്ര രാജകീയതയാണ്, പ്രകൃതിക്കും രാജകീയ വ്യക്തിത്വമുണ്ട്. പക്ഷി, വൃക്ഷം, ഫലം, പുഷ്പം എല്ലാം രാജകീയ വ്യക്തിത്വമുള്ളവരാണ്. ശരി പിന്നെ വരൂ താഴെക്ക്, അപ്പോൾ തന്റെ പൂജ്യരൂപം കണ്ടിട്ടുണ്ടോ? താങ്കളുടെ പൂജയുണ്ടാകുന്നു! ഡബിൾ വിദേശികൾ പൂജ്യരാകുമോ അതോ ഇന്ത്യക്കാർ ആകുമോ? താങ്കളൊക്കെ ദേവിമാർ, ദേവതമാർ ആയിട്ടുണ്ടോ? തുമ്പിക്കൈയുള്ളവരല്ല വാലുള്ളവരല്ല. ദേവിമാരും ആ കാളിരൂപമല്ല, എന്നാൽ ദേവതമാരുടെ ക്ഷേത്രത്തിൽ നോക്കൂ, താങ്കളുടെ പൂജ്യ സ്വരൂപത്തിന് എത്ര രാജകീയതയാണ്, എന്ത് വ്യക്തിത്വമാണ്? മൂർത്തിക്ക് നാലടി അഞ്ചടി പൊക്കം മാത്രമെയുണ്ടാകൂ എന്നാൽ ക്ഷേത്രമെത്ര വലുതായാണ് ഉണ്ടാക്കുന്നത്. അതിരയും രാജകീയ പ്രൗഢി നിറഞ്ഞ വ്യക്തിത്വമാണ്. ഇന്നത്തെ കാലത്ത് പ്രധാനമന്ത്രിയായാലും രാജാവായാലും അവരുടെ മൂർത്തികൾ റോഡരികിൽ വെയിൽ കൊണ്ട് വെക്കുന്നു. എന്നാൽ താങ്കളുടെ പൂജ്യ സ്വരൂപത്തിന്റെ വ്യക്തിത്വം എത്ര വലുതാണ്. നല്ലതല്ലേ! കുമാരിമാർ ഇരിക്കുന്നില്ലേ! താങ്കളുടെ പൂജ്യ രൂപത്തിന് രാജകീയതയില്ലേ? പിന്നെ അവസാനം സംഗമയുഗത്തിലും താങ്കളേവരുടെയും

രാജകീയത എത്ര ഉയർന്നതാണ്. ബ്രാഹ്മണജീവിതത്തിന്റെ വ്യക്തിത്വം എത്ര വലുതാണ്! നേരിട്ട് ഭഗവാൻ താങ്കളുടെ ബ്രാഹ്മണജീവിതത്തിൽ വ്യക്തിത്വവും രാജകീയതയും നിറച്ചിരിക്കുന്നു. ബ്രാഹ്മണ ജീവിതത്തിന്റെ ചിത്രകാരനാരാണ്? സ്വയം ബാബ. ബ്രാഹ്മണ ജീവിതത്തിന്റെ രാജകീയ വ്യക്തിത്വം എങ്ങനെയുള്ളതാണ്? പവിത്രം. പവിത്രതയാണ് രാജകീയത. അല്ലേ! ബ്രാഹ്മണാത്മാക്കൾ എല്ലാവരും ആരെല്ലാം ഇരിക്കുന്നുവോ പവിത്രതയുടെ രാജകീയതയില്ലേ! അതെ തലയാട്ടൂ. പിറകിലുള്ളവർ കൈ ഉയർത്തുകയാണ്. താങ്കൾ പിന്നിലല്ല, മുന്നിലാണ്. ബാബയുടെ ദൃഷ്ടി സ്വതവേ പിറകിലേക്ക് പോകുന്നു, മുന്നോട്ട് ഇങ്ങനെ നോക്കേണ്ടിവരുന്നു, പിറകിൽലേക്ക് തനിയെ പോകുന്നു.

അപ്പോൾ പരിശോധിക്കൂ  പവിത്രതയുടെ വ്യക്തിത്വം സദാ ഉണ്ടായിരിക്കുന്നുവോ? മനസാ വാചാ, കർമണാ, മനോവൃത്തി, ദൃഷ്ടി, കൃതി  എല്ലാത്തിലും പവിത്രതയുണ്ടോ? മനസാ പവിത്രത അർഥം സദാ സർവരെയും പ്രതി ശുഭഭാവന, ശുഭ കാമന  സർവരെയും പ്രതി. മറ്റുള്ള ആത്മാവ് എങ്ങനെയുമാകട്ടെ എന്നാൽ പവിത്രതയുടെ രാജകീയതയുള്ളവരുടെ മനസ്സിൽ സർവരെയും പ്രതിയും ശുഭ ഭാവന, ശുഭകാമന,മംഗളത്തിന്റെ ഭാവന, ദയയുടെ ഭാവന, ദാതാവിന്റെ ഭാവന. ദൃഷ്ടിയിൽ സദാ ഓരോരുത്തരെയും പ്രതി ആത്മീയ സ്വരൂപം കാണാനാവണം. അല്ലെങ്കിൽ മാലാഖാ രൂപം കാണപ്പെടണം. അവർ മാലാഖയായിട്ടില്ലെങ്കിലും പക്ഷേ എന്റെ ദൃഷ്ടിയിൽ മാലാഖാ രൂപവും ആത്മീയ രൂപവും തന്നെയാണ്. കൃതി അർഥം സംബന്ധ സമ്പർക്കത്തിൽ, കർമത്തിൽ വരിക. അതിൽ സദാ സർവ്വരെ പ്രതിയും സ്നേഹം നൽകുക, സുഖം നൽകുക. മറ്റുള്ളവർ നൽകിയാലും ഇല്ലെങ്കിലും പക്ഷേ എന്റെ കർത്തവ്യമാണ് സ്നേഹം നൽകി സ്നേഹിയാക്കുക. സുഖം നൽകുക. ഒരു സ്ലോഗനില്ലേ  ദു:ഖം നൽകരുത്, ദു:ഖം എടുക്കരുത്. നൽകുകയും വേണ്ട എടുക്കുകയും വേണ്ട. നൽകുന്നവർ താങ്കൾക്ക് എപ്പോഴെങ്കിലും ദു:ഖം നൽകിയാലും പക്ഷേ താങ്കൾ അവർക്ക് സുഖത്തിന്റെ സ്മൃതിയിലൂടെ നോക്കൂ. വീണവരെ വീഴ്ത്താറില്ല. വീണവരെ സദാ ഉയർത്തുകയാണ് ചെയ്യുക. അവർ പരവശരായി ദു:ഖം നൽകുകയാണ്. വീണുവല്ലോ! അപ്പോൾ വീഴ്ത്തേണ്ടതില്ല. ഒന്നുകൂടി ആ പാവത്തെ തള്ളിയിടുകയല്ല. അവരെ സ്നേഹത്തിലൂടെ ഉയർത്തിയെടുക്കൂ. ചാരിറ്റി ബിഗിൻസ് അറ്റ് ഹോം . തന്റെ സർവ കൂട്ടുകാർ, സേവനത്തിൽ കൂടെയുള്ളവർ, ബ്രാഹ്മണ പരിവാരത്തിന്റെ കൂട്ടുകാർ ഓരോരുത്തരെയും മുകളിലേക്കുയർത്തൂ. അവർ തന്റെ തിന്മയെ കാണിക്കട്ടെ എന്നാൽ താങ്കൾ അവരുടെ വിശേഷതയെ നോക്കൂ. യഥാക്രമമല്ലേ! നോക്കൂ മാല താങ്കളുടെ ഓർമ ചിഹ്നമാണ്. അപ്പോൾ എല്ലാവരും ഒന്നാം നമ്പറല്ലേ! 108 നമ്പറില്ലേ! അപ്പോൾ യഥാക്രമമാണ്, ആയിരിക്കും. എന്നാൽ എന്റെ കടമ എന്താണ്? ഇത് ചിന്തിക്കരുത്  ശരി ഞാൻ 8 ൽ ഇല്ലേയില്ലല്ലോ, 108 ൽ ചിലപ്പോൾ വരുമായിരിക്കും. അപ്പോൾ 108 ൽ അവസാനവും വന്നേക്കാം. എന്നിലും കുറച്ച് പഴയ സ്വഭാവ-സംസ്കാരമുണ്ടാകുമല്ലോ, എന്നാൽ അങ്ങനെ ചിന്തിക്കരുത്. മറ്റുള്ളവർക്ക് സുഖം നൽകി നൽകി സ്നേഹം നൽകി നൽകി താങ്കളുടെ സംസ്കാരവും സ്നേഹി, സുഖി ആയിരിക്കണം. ഇത് സേവനമാണ്, ഈ സേവനമാണ് ആദ്യം ചാരിറ്റി ബിഗിൻസ് അറ്റ് ഹോം.

ബാപ്ദാദയ്ക്ക് ഇന്ന് ഒരു കാര്യത്തിൽ ചിരി വരുന്നുണ്ടായിരുന്നു, പറയട്ടെ. നോക്കണം താങ്കൾക്കും ചിരി വരും. ബാപ്ദാദ കുട്ടികളുടെ കളി കണ്ടു കൊണ്ടിരിക്കുകയല്ലേ! ബാപ്ദാദ ഒരു സെക്കന്റിൽ ചിലപ്പോൾ ഏതെങ്കിലും സെന്ററിന്റെ ടിവി തുറക്കുന്നു, ഇടയ്ക്ക് ചില സെന്ററിന്റെ, ഇടയ്ക്ക് വിദേശത്തിന്റെ, ഇടയ്ക്ക് ഇന്ത്യയുടെ സ്വിച്ച് ഓൺ ചെയ്യുന്നു. അപ്പോൾ എന്തു ചെയ്യുകയാണെന്ന് അറിയാൻ കഴിയുമല്ലോ.. എന്തെന്നാൽ ബാബയ്ക്ക് കുട്ടികളോട് സ്നേഹമാണല്ലോ. കുട്ടികളും പറയുന്നു  സമാനമാകുക തന്നെ വേണം. പക്കയല്ലേ, സമാനമാകുക തന്നെ വേണം. ആലോചിച്ച് കൈ ഉയർത്തൂ. അതെ, ആരാണോ കരുതുന്നത് മരിക്കേണ്ടിവന്നാലും, കുനിയേണ്ടി വന്നാലും, സഹിക്കേണ്ടി വന്നാലും, കേൾക്കേണ്ടി വന്നാലും, പക്ഷേ സമാനമായി തന്നെ കാണിക്കും! അവർ കൈ ഉയർത്തൂ . കുമാരിമാർ ആലോചിച്ച് കൈ ഉയർത്തുക. ഇവരുടെ ഫോട്ടോ എടുക്കൂ. കുമാരിമാർ ധാരാളമുണ്ട്. മരിക്കേണ്ടി വരും? കുനിയേണ്ടി വരും? പാണ്ഡവർ എണീക്കൂ. കേട്ടോ, സമാനമാകണം. സമാനമാകുകയില്ലെങ്കിൽ  ആനന്ദമുണ്ടാകില്ല. പരംധാമത്തിലും സമീപമിരിക്കുകയില്ല. പൂജ ലഭിക്കുന്ന കാര്യത്തിലും വ്യത്യാസമുണ്ടാകുന്നു. സത്യയുഗീ രാജ്യ ഭാഗ്യത്തിലും വ്യത്യാസമുണ്ടാകുന്നു. ബ്രഹ്മാബാബയോട് താങ്കൾക്ക് സ്നേഹമില്ലേ, ഡബിൾ വിദേശികൾക്കാണ് ഏറ്റവുമധികം സ്നേഹം. ബ്രഹ്മാബാബയോട് ആഴമാർന്ന ഹൃദയത്തിന്റെ സ്നേഹമുള്ളവർ കൈ ഉയർത്തൂ. ശരി, പക്കാ സ്നേഹമല്ലേ? ഇപ്പോൾ ചോദ്യം ചോദിക്കും, സ്നേഹം ആരോടാണ് ഉണ്ടാകുക സ്നേഹത്തിന്റെ ലക്ഷണമാണ് എന്താണോ അവർക്ക് നല്ലതെന്ന് തോന്നുന്നത് അത് സ്നേഹിക്കുന്നവർക്കും നല്ലതായി തോന്നുന്നു, രണ്ടു പേരുടെയും സംസ്കാരം, സങ്കൽപം, സ്വഭാവം അപ്പോഴാണ് പ്രിയപ്പെട്ടതായി തോന്നുന്നത്. എങ്കിൽ ബ്രഹ്മാബാബയോട് സ്നേഹമുണ്ടെങ്കിൽ 21 ജന്മവും ആദ്യ ജന്മം മുതൽ രണ്ടാമതും മൂന്നാമതും ജൻമത്തിൽ വരുന്നത് നന്നല്ല. എന്നാൽ ആദ്യ ജന്മം മുതൽ അവസാന ജന്മം വരെ ഒപ്പം കഴിയും, ഭിന്നഭിന്ന രൂപത്തിൽ ഒപ്പം കഴിയും. അപ്പോൾ കൂടെ ആർക്കാണ് കഴിയാൻ സാധിക്കുക? ആരാണോ സമാനമാകുന്നത്. ബ്രഹ്മാവ് നമ്പർ വൺ ആത്മാവാണ്. അപ്പോൾ ബാബയുടെ കൂടെ എ

ങ്ങനെ കഴിയും? നമ്പർവൺ ആയെങ്കിൽ മാത്രമേ കൂടെ കഴിയൂ. എല്ലാത്തിലും നമ്പർ വൺ . മനസാ, വാചാ, കർമണാ, മനോവൃത്തിയിൽ, ദൃഷ്ടിയിൽ, കൃതിയിൽ എല്ലാത്തിലും. അപ്പോൾ നമ്പർ വൺ ആണോ യഥാക്രമമാണോ? സ്നേഹമുണ്ടെങ്കിൽ സ്നേഹത്തിനു മുന്നിൽ എന്തും അർപ്പിക്കുക ബുദ്ധിമുട്ടാകില്ല. അവസാന ജന്മം കലിയുഗത്തിന്റെ അന്ത്യത്തിലും ദേഹബോധ സ്നേഹമുള്ളവർ ജീവൻ തന്നെ അർപ്പിക്കുന്നു. അപ്പോൾ താങ്കൾ അഥവാ ബ്രഹ്മാബാബയുടെ സ്നേഹത്തിൽ തന്റെ സംസ്കാരം പരിവർത്തനപ്പെടുത്തിയെങ്കിൽ എന്താ വലിയ കാര്യമാണോ! വലിയ കാര്യമാണോ! ഇല്ല. എങ്കിൽ ഇന്നു മുതൽ എല്ലാവരുടെയും സംസ്കാരം പരിവർത്തനപ്പെട്ടു! പക്കാ? റിപ്പോർട്ട് വരും, താങ്കളുടെ സഹയോഗികൾ റിപ്പോർട്ട് എഴുതും, പക്കാ? ദാദിമാർ കേൾക്കുന്നുണ്ടല്ലോ.. സംസ്കാരം പരിവർത്തനപ്പെട്ടു എന്ന് പറയുന്നുണ്ടല്ലോ. അതോ സമയമെടുക്കുമോ? എന്താ? മോഹിനി (ന്യൂയോർക്ക്) പറയൂ, പരിവർത്തനപ്പെടുകയില്ലേ! ഇവരെല്ലാവരും മാറുകയില്ലേ? അമേരിക്കയിലുള്ളവർ പരിവർത്തനപ്പെടുകയില്ലേ. ചിരിക്കാനുള്ള കാര്യമുണ്ട്.

ചിരിക്കാനുള്ള കാര്യമിതാണ്, എല്ലാവരും പറയുന്നുണ്ട്, വളരെയധികം പുരുഷാർത്ഥം ചെയ്യുന്നു, ബാപ്ദാദക്ക് കണ്ടിട്ട് ദയയും വരുന്നു പുരുഷാർഥം ധാരാളം ചെയ്യുന്നുണ്ട്, ഇടയ്ക്കിടെ ഒരുപാട് പരിശ്രമിക്കുന്നു, എന്നിട്ട് പറയുന്നതെന്താണ് എന്തു ചെയ്യാൻ, എന്റെ സംസ്കാരം ഇങ്ങനെയാണ്! എന്താ ഇതാണോ താങ്കളുടെ സംസ്കാരം? താങ്കൾ ആത്മാവാണ്, ആത്മാവല്ലേ! ശരീരമല്ലല്ലോ! എങ്കിൽ ആത്മാവിന്റെ സംസ്കാരമെന്താണ്? താങ്കളുടെ യഥാർഥ സംസ്കാരമെന്താണ്? എന്തിനെയാണോ ഇന്ന് താങ്കൾ എന്റെ എന്ന് പറയുന്നത്, അത് എന്റെയാണോ രാവണന്റെയാണോ? ആരുടേതാണ്? താങ്കളുടേതാണോ? അല്ലല്ലോ? അപ്പോൾ എന്റെ എന്ന് പറയുന്നതെന്തുകൊണ്ട്! പറയുന്നത് ഇങ്ങനെയല്ലേ എന്റെ സംസ്കാരം ഇങ്ങനെയാണ്? അപ്പോൾ ഇന്നു മുതൽ ഇത് പറയരുത്, എന്റെ സംസ്കാരമല്ല. ഇടയ്ക്ക് പല ഭാഗത്തെയും അഴുക്കെടുക്കാറുണ്ടല്ലോ. ഇത് രാവണന്റെ വസ്തുവാണ് എങ്കിൽ അതിനെ എന്റെ എന്ന് എങ്ങനെ പറയുന്നു! എന്റെയാണോ? അല്ലല്ലോ? ഇനി ഒരിക്കലും ഇങ്ങനെ പറയരുത്. എന്റെ എന്ന വാക്ക് പറയുന്നുവെങ്കിൽ ഓർമിക്കൂ, എന്റെ സംസ്കാരം എന്താണ്? ശരീരബോധത്തിൽ എന്റെ സംസ്കാരമാണ്, ആത്മഅഭിമാനിയിൽ ഈ സംസ്കാരമില്ല. ഈ ഭാഷയും പരിവർത്തനപ്പെടുത്തുക. എന്റെ സംസ്കാരം എന്ന് പറഞ്ഞ് അലസരാകുന്നു. പറയും ഉദ്ദേശിച്ചിരുന്നില്ല, സംസ്കാരമാണ്. രണ്ടാമത്തെ വാക്ക് എന്തു പറയുന്നു? എന്റെ സ്വഭാവം. സ്വഭാവമെന്ന വാക്ക് എത്ര നല്ലതാണ്. സ്വയം സദാ നല്ലതാണ്. എന്റെ സ്വഭാവം, സ്വയത്തിന്റെ ഭാവം നല്ലതാകുന്നു, മോശമല്ല. ഈ ഉപയോഗിക്കുന്ന വാക്ക് എന്റെ സ്വഭാവം എന്റെ സംസ്കാരമാണ്, ഇപ്പോൾ ഈ ഭാഷയെ മാറ്റൂ, എപ്പോൾ എന്റെ എന്ന വാക്കുപയോഗിക്കുമ്പോഴും ഓർമിക്കൂ എന്റെ യഥാർത്ഥ സംസ്കാരം എന്താണ്? ഇത് ആരാണ് പറയുന്നത്? ആത്മാവ് പറയുന്നു ഇത് എന്റെ സംസ്കാരമാണ്? ഇത് ചിന്തിച്ചാൽ അവനവനു മേൽ ചിരി വരും. വരില്ലേ ചിരി? ചിരി വരും എങ്കിൽ ഈ ബുദ്ധിമുട്ടിൽ നിന്നും രക്ഷപ്പെടും. ഇതാണ് ഭാഷയെ പരിവർത്തനപ്പെടുത്തുക അർഥം ഓരോ ആത്മാവിനെയും സ്വമാനത്തിലും ബഹുമാനത്തിലും കാണുക. സ്വയവും സദാ ബഹുമാനത്തിൽ കഴിയൂ. മറ്റുള്ളവരെയും സ്വമാനത്താൽ നോക്കൂ. സ്വമാനത്തോടെ നോക്കുമെങ്കിൽ പിന്നെ എന്തെല്ലാം കാര്യങ്ങൾ വന്നാലും, താങ്കൾക്കും പ്രിയപ്പെട്ടതല്ലെങ്കിൽ പോലും, എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാക്കിയാൽ ഇഷ്ടമല്ലല്ലോ? ഇല്ലല്ലോ? അപ്പോൾ പരസ്പരം സ്വമാനത്തോടെ കാണണം, ഇത് വിശേഷ ആത്മാവാണ്, ഇത് ബാബ പാലിക്കുന്ന ബ്രാഹ്മണാത്മാവാണ്. ഇവർ കോടിയിൽ ചിലരാണ്, ചിലരിലും ചില ആത്മാവാണ്. കേവലം ഒരു കാര്യം ചെയ്യു തന്റെ നയനങ്ങളിൽ ബിന്ദുവിനെ അലിയിക്കൂ, അത്രമാത്രം. ഒരു ബിന്ദുവിനെ കാണൂ, ബാബയാകുന്ന ബിന്ദുവിൽ ലയിക്കൂ എങ്കിൽ ഒരു പ്രശ്നവുമുണ്ടാകുകയില്ല, പരിശ്രമം ചെയ്യേണ്ടി വരികയില്ല. ആത്മാവ് ആത്മാവിനെ കാണുന്നു, ആത്മാവ് ആത്മാവിനോട് സംസാരിക്കുന്നു, ആത്മീയവൃത്തി, ആത്മീയ ദൃഷ്ടിയുണ്ടാക്കൂ. മനസിലായോ എന്തു ചെയ്യണമെന്ന്? ഇപ്പോൾ എന്റെ സംസ്കാരം എന്ന് ഒരിക്കലും പറയരുത്, സ്വഭാവം എന്നു പറഞ്ഞാൽ സ്വയത്തിന്റെ ഭാവത്തിൽ കഴിയുക. ശരിയല്ലേ.

ബാപ്ദാദ ഇതാണ് ആഗ്രഹിക്കുന്നത് ഈ മുഴുവൻ വർഷം ബാബപ്ദാദയുടെ സീസൺ 6 മാസം നടക്കുന്നുവെങ്കിലും പക്ഷേ വർഷം പൂർണമായി ആരെ എപ്പോൾ കണ്ടാലും പരസ്പരമാകട്ടെ മറ്റാത്മാക്കളെയാകട്ടെ എന്നാൽ എപ്പോൾ കണ്ടാലും ആരെ കണ്ടാലും അവർക്ക് സന്തുഷ്ടതയുടെ സഹയോഗം നൽകൂ . സ്വയവും സന്തുഷ്ടമായിരിക്കൂ മറ്റുള്ളവരെയും സന്തുഷ്ടമാക്കൂ. ഈ സീസണിന്റെ സ്വമാനമാണ് സന്തുഷ്ടമണി . സദാ സന്തുഷ്ടമണി . സഹോദരനും മണിയാകുന്നു, ഓരോരോ ആത്മാവും ഓരോ സമയത്തും സന്തുഷ്ടമണിയാണ്. സ്വയം സന്തുഷ്ടമെങ്കിൽ മറ്റുള്ളവരെയും സന്തുഷ്ടമാക്കും. സന്തുഷ്ടമായിരിക്കുക, സന്തുഷ്ടമാക്കുക. ശരിയാണോ, ഇഷ്ടമാണോ? (എല്ലാവരും കൈ ഉയർത്തി) വളരെ നല്ലത്, ആശംസകൾ ,ആശംസകൾ. ശരി. എന്തു സംഭവിച്ചാലും തന്റെ സ്വമാനത്തിന്റെ സീറ്റിൽ ഏകാഗ്രമായിരിക്കൂ, അലയരുത്, ഇടയ്ക്ക് ഒരു സീറ്റിൽ, ഇടയ്ക്ക് മറ്റൊരു സീറ്റിൽ, അല്ല. തന്റെ സ്വമാനത്തിന്റെ സീറ്റിൽ ഏകാഗ്രമായിരിക്കൂ. ഏകാഗ്രമായി സീറ്റിൽ സെറ്റായിട്ട് എന്തു തന്നെ കാര്യം സംഭവിച്ചാലും ഒരു കാർട്ടൂൺ ഷോ പോ

ലെ കാണാം, കാർട്ടൂൺ കാണുന്നത് ഇഷ്ടമല്ലേ, അപ്പോൾ ഇത് സമസ്യയല്ല, കാർട്ടൂൺ ഷോ നടക്കുകയാണ്. ഏതെങ്കിലും സിംഹം വരുന്നു, ആട് വരുന്നു, തേൾ വന്നാലും അഴുക്ക് പല്ലി വന്നാലും അത് കാർട്ടൂൺ ഷോ ആണ്. തന്റെ സീറ്റിൽ നിന്നും അപ്സ്റ്റാകരുത്(വ്യതിചലിക്കരുത്). അങ്ങനെയെങ്കിൽ ആനന്ദമനുഭവപ്പെടും. ശരി.

നാനാഭാഗത്തെയും രാജകീയ വാത്സല്യ നിധികൾക്ക് സർവ സ്നേഹി, സഹയോഗി, സമാനമാകുന്ന കുട്ടികൾക്ക്, സദാ തന്റെ ശ്രേഷ്ഠ സ്വഭാവവും സംസ്കാരവും സ്വരൂപത്തിൽ പ്രത്യക്ഷമാക്കുന്ന കുട്ടികൾക്ക്, സദാ സുഖം നൽകുന്ന സർവർക്കും സ്നേഹം നൽകുന്ന കുട്ടികൾക്ക്, സദാ സന്തുഷ്ടമണിയായി സന്തുഷ്ടതയുടെ കിരണങ്ങൾ പരത്തുന്ന കുട്ടികൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണയും നമസ്തേയും.

## വരദാനം : ശുഭചിന്തനത്തിന്റെയും ശുഭചിന്തകസ്ഥിതിയുടെയും അനുഭവത്തിലൂടെ ബ്രഹ്മാബാബയ്ക്കു സമാനം മാസ്റ്റർ ദാതാവായി ഭവിക്കട്ടെ.

ബ്രഹ്മാബാബയ്ക്കു സമാനം മാസ്റ്റർ ദാതാവാകുന്നതിന് അസൂയ, വെറുപ്പ്, വിമർശനം ഈ മൂന്നു കാര്യങ്ങളിൽ നിന്നും മുക്തമായിരുന്ന് സർവരെയും പ്രതി ശുഭചിന്തകരാകൂ, ശുഭചിന്തന സ്ഥിതിയുടെ അനുഭവം ചെയ്യൂ എന്തെന്നാൽ ആരിൽ അസൂയയുടെ അഗ്നിയുണ്ടാകുന്നുവോ അവർ സ്വയം കത്തുന്നു, മറ്റുള്ളവരെ പരവശമാക്കുന്നു, വെറുപ്പുള്ളവർ സ്വയവും വീഴുന്നു മറ്റുള്ളവരെയും വീഴ്ത്തുന്നു, തമാശയ്ക്കായാലും വിമർശിക്കുന്നവർ ആത്മാവിനെ ധൈര്യഹീനമാക്കി ദു:ഖിതരാക്കുന്നു, അതിനാൽ ഈ മൂന്നു കാര്യങ്ങളിൽ നിന്നും മുക്തമായിരുന്ന് ശുഭചിന്തകസ്ഥിതിയുടെ അനുഭവത്തിലൂടെ ദാതാവിന്റെ കുട്ടികൾ മാസ്റ്റർ ദാതാവാകൂ.

## സ്ലോഗൻ – മനസ് ബുദ്ധി സംസ്കാരങ്ങളിൽ സമ്പൂർണ രാജ്യം ഭരിക്കുന്ന സ്വരാജ്യ അധികാരിയാകൂ

**തന്റെ ശക്തിശാലി മനസിലൂടെ സകാശ് നൽകുന്ന സേവനം ചെയ്യൂ**
താങ്കൾ ബ്രാഹ്മണ കുട്ടികൾ അടിവേരാണ്. വേരിലൂടെ തന്നെയാണ് മുഴുവൻ വൃക്ഷത്തിനും സകാശ് എത്തുന്നത്. അപ്പോൾ ഇനി വിശ്വത്തിന് സകാശ് നൽകുന്നവരാകൂ. അഥവാ 20 സെന്റർ, 30 സെന്റർ, അല്ലെങ്കിൽ ഇരുനൂറ്റമ്പത് സെന്റർ അംവാ മുഴുവൻ സോണുമാണ് ബുദ്ധിയിലുള്ളത് എങ്കിൽ പരിധിയില്ലാത്ത സകാശ് നൽകാനാവില്ല അതിനാൽ പരിധികളിൽ നിന്ന് പുറത്തു വന്ന് ഇനി പരിധിയില്ലാത്ത സേവനത്തിന്റെ പാർട്ട് ആരംഭിക്കൂ. പരിധിയില്ലാത്തതിലേക്ക് പോകുന്നതിലൂടെ പരിധിയുള്ള കാര്യങ്ങൾ സ്വമേധയാ വിട്ടു പോകും. പരിധിയില്ലാത്ത സകാശിലൂടെ പരിവർത്തനപ്പെടുക ഇത് തീവ്ര സേവനത്തിന്റെ ഫലമാണ്.